**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 149 — 28-10-2019- ൽ മറുപടിയ്ക്ക്

## വനിതകളെ അധിക്ഷേപിച്ചുവെന്ന പരാതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.എം. വിൻസെന്റ്**<br>**ശ്രീ.അനിൽ അക്കര** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) തോട്ടപ്പള്ളി സ്വദേശിനി ഉഷാ സാലിയെ പൊതുജനമദ്ധ്യത്തിൽ അധിക്ഷേപിച്ചുവെന്ന പരാതിയിന്മേൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) 2016 ഫെബ്രുവരി 28-ന് തോട്ടപ്പള്ളിയിൽ പൊതുവേദിയിൽ വെച്ച് തോട്ടപ്പള്ളി സ്വദേശിനി ശ്രീമതി.ഉഷാ സാലിയെ ബഹു. അമ്പലപ്പുഴ എം.എൽ.എ. അകാരണമായി അധിക്ഷേപിച്ചു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 398/16 U/s 509 IPC പ്രകാരം 12.03.2016 തീയതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ, ടിയാൾ വ്യാജമായി പരാതി നൽകിയതായി വെളിവായിട്ടുള്ളതും, തുടർന്ന് ടി കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി ബഹു. കോടതിയിൽ 31.07.2017 തീയതിയിൽ Mistake of Fact ആയി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) തൈക്കാട്ടുശ്ശേരിയിൽ നടന്ന കുടുംബ യോഗത്തിൽ ഷാനിമോൾ ഉസ്മാനെതിരെ മന്ത്രി വ്യക്തിപരമായി അവഹേളനം നടത്തിയെന്ന പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) പ്രസ്തുത പരാതി സംബന്ധിച്ച് അന്വേഷണം നടത്തി Chief Electoral Officer-ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) സർക്കാരിന്റെ പ്രതിനിധി തന്നെ വനിതകളെ വ്യക്തിപരമായി അധിക്ഷേപിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ? | (സി) ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുക എന്നതാണ്. |

**സെക്ഷൻ ഓഫീസർ**